I/126285/2023

"ഭരണഭാഷ മാതൃഭാഷ"

DSLR/1289/2023-L1

സർവ്വെയുംഭൂരേഖയുംവകുപ്പ്
സർവ്വേ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം-14
Ph:0471-2325266,Fax:2338210
E-mail: dir-tvm.syr@kerala.gov.in
dydir1-tvm.syr@kerala.gov.in

തീയതി: 25-03-2023

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

വിഷയം: എന്റെ കേരളം-2023 പ്രദർശന വിപണന മേള - സർവ്വെ പപ്പുവിന്റെ മാസ്കോട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന : 1) ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (സി) വകുപ്പിന്റെ 09.03.2023 ലെ സ.ഉ(കൈ) നം.2/2023/I&PRD നമ്പർ സർക്കാർ ഉത്തരവ്.

2) സർവ്വെ ഡയറക്ടറുടെ 24.03.2023 ലെ നിർദ്ദേശം.

സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങളും ജനോപകാരപ്രദമായ പദ്ധതികളും പ്രചരിപ്പിക്കുന്നതിനായി വിവര-പൊതുജന സമ്പർക്ക വകുപ്പിന്റെ നേതൃത്വത്തിൽ **"എന്റെ കേരളം-2023 പ്രദർശന വിപണന മേള"** ഏപ്രിൽ ആദ്യവാരം ആരംഭിച്ച് മേയ് അവസാനം തിരുവനന്തപുരത്ത് സമാപിക്കുന്ന നിലയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഏപ്രിൽ 1 ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുന്ന മേളയുടെ ചടങ്ങിൽ മുഖ്യമന്ത്രിയെ സ്വാഗതം ചെയ്യുന്നത് സർവ്വെ പപ്പു മാതൃകയിലുള്ള മാസ്കോട്ട് ധരിച്ച വ്യക്തിയാണ്. ആയതിനാൽ ടി മാതൃക തയ്യാറാക്കുന്നതിന് ഡിസൈൻ & ഫാബ്രിക്കേഷൻ ചെയ്യുന്നതിന് താല്പര്യമുള്ള ഐ&പി.ആർ.ഡി പാനലിൽ ഉൾപ്പെട്ടവരും സർക്കാർ വകുപ്പുകൾക്ക് മുൻകാലങ്ങളിൽ സമാനമായ പ്രവൃത്തികൾ ചെയ്ത പരിചയമുള്ളതുമായ ഏജൻസികളിൽ നിന്നും സീൽ ചെയ്ത കവറിൽ ക്വട്ടേഷൻ ക്ഷണിക്കുന്നു.

- മാസ്കോട്ടിന്റെ അളവ് 6 അടി ഉയരം, മാതൃകയ്ക്കൊത്ത വണ്ണം.
- മാസ്കോട്ടിന്റെ ഡിസൈൻ (സർവ്വെ പപ്പു) വകുപ്പ് നൽകുന്നതായിരിക്കും.
- Fur Material ഉപയോഗിച്ചുകൊണ്ടായിരിക്കണം മാസ്കോട്ട് തയ്യാറാക്കേണ്ടത്.
- ആകർഷകമായ രീതിയിൽ മാസ്കോട്ട് തയ്യാറാക്കണം.
- ഒറിജിനൽ കളറിൽ തന്നെയാകണം മാസ്കോട്ട് തയ്യാറാക്കേണ്ടത്.
- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 28.03.2023 രാവിലെ 11.00 മണി.
- 28.03.2023 രാവിലെ 11 മണിയ്ക്ക് ശേഷം പ്രസ്തുത ക്വട്ടേഷനുകൾ ഓപ്പൺ ചെയ്യുന്നതായിരിക്കും.
- ക്വട്ടേഷൻ ലഭിക്കുന്ന ഏജൻസി 31.03.2023 ന് രാവിലെ 11 മണിക്ക് മുൻപ് മാസ്കോട്ട് തയ്യാറാക്കി വകുപ്പിന് കൈമാറേണ്ടതാണ്.

- ക്വാട്ടേഷനുകളുടെ അന്തിമ തീർപ്പ് സർവ്വെ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

**Signed by Beena.v**
**Date: 25-03-2023 12:01:05**
സർവ്വെ ഡയറക്ടർക്കു വേണ്ടി

## ക്വാട്ടേഷനുകൾ അയയ്ക്കേണ്ട വിലാസം:

ഡയറക്ടർ,
സർവ്വെയുംഭൂരേഖയുംവകുപ്പ്
സർവ്വേ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം-14
കൂടുതൽ വിവരങ്ങൾക്ക് : Phone-9497776848.
E-mail:dydir1-tvm.syr@kerala.gov.in